# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>ദേശീയ ജലനയം</u>

8284 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, രാജു എബ്രഹാം
,, വി. ശിവൻകുട്ടി
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരടു ദേശീയ ജലനയത്തിലെ ഏതൊക്കെ നയങ്ങളാണ് സംസ്ഥാനത്ത് അനുഗുണമായി കണക്കാക്കുന്നത്;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇത് രൂപപ്പെടുത്തിയത് എപ്രകാരമായിരുന്നു?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>ദേശീയ ജലപാതയും ടൂറിസം വികസനവും</u>

8285 ശ്രീ. എം. പി. വിൻസെന്റ്
,, ആർ. സെൽവരാജ്
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ പൂർത്തീകരണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ജലപാതയിലെ കയ്യേറ്റങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) ജലപാതയുടെ ഇരുവശത്തും റോഡുകൾ നിർമ്മിച്ച് ടൂറിസം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന കുടിവെള്ള പദ്ധതികൾ</u>

8286 ശ്രീ. കെ. രാധാകൃഷ്ണൻ
,, ബി. സത്യൻ
ശ്രീമതി പി. അയിഷാ പോറ്റി
,, കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന അക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈസ്കീം, ജലനിധിയുടെ കൂടെ ചേർക്കപ്പെട്ട പദ്ധതി, ജപ്പാൻ ധനസഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ എന്നിവയുടെ പ്രവർത്തന ലക്ഷ്യം എന്തായിരുന്നുവെന്ന് അറിയിക്കാമോ ;

(ബി) ഈ കുടിവെള്ള പദ്ധതികൾ ലക്ഷ്യം കൈവരിച്ചിരുന്നോ ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശകലനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഈ പദ്ധതികൾക്കായി നീക്കിവെച്ചിരുന്ന തുകയിൽ മൂന്നിൽ രണ്ടു ഭാഗം (476 കോടി രൂപ) ചെലവഴിക്കാൻ കഴിയാതെ വന്നോ ; എങ്കിൽ ആയതിന്റെ കാരണം അറിയിക്കാമോ ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>സുജല പദ്ധതി</u>

8287 ശ്രീ. വി.എസ്. സുനിൽ കുമാർ
,, ജി.എസ്. ജയലാൽ
,, മുല്ലക്കര രത്നാകരൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുജല പദ്ധതി ആരംഭിച്ചതെന്നാണ്; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ സുജല പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് എത്രമാത്രം ലോകബാങ്ക് സഹായം ലഭിക്കുന്നുണ്ട്; ഇതിനായി സംസ്ഥാന സർക്കാർ എന്ത് തുക ഇതുവരെ ചെലവഴിച്ചു;

(സി) പദ്ധതിയിൽ ഒന്നാം ഘട്ടമായി നടപ്പാക്കാൻ തീരുമാനിച്ച പ്രവൃത്തികൾ എന്തെല്ലാം; അവ പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>''കൊച്ചി ഹഡ്കോ'' പദ്ധതിയുടെ പ്രവര്‍ത്തന പുരോഗതി</u>

8288 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എസ്. ശര്‍മ്മ
,, സാജു പോള്‍
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊച്ചിയിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിന്റെ ഭാഗമായി മുന്‍ സര്‍ക്കാര്‍ നടപ്പിലാക്കിയ ''കൊച്ചി ഹഡ്കോ'' പദ്ധതിയുടെ പ്രവര്‍ത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) കൊച്ചിയിലെ ഇപ്പോഴത്തെ കുടിവെള്ള പ്രശ്നങ്ങള്‍ പരിഹരിക്കുന്നതിനായി പ്രസ്തുത പദ്ധതി വിപുലപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം കൊച്ചിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; അതിനുള്ള തുക ബജറ്റില്‍ നീക്കി വെച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ ഉന്നതാധികാര സമിതി റിപ്പോർട്ട്</u>

8289 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഉന്നതാധികാര സമിതിയിലെ കേരളത്തിന്റെ പ്രതിനിധി സംസ്ഥാനത്തിന്റെ താൽപര്യത്തിനെതിരായി എന്തെങ്കിലും അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) മുല്ലപ്പെരിയാർ ഡാം വിഷയത്തിൽ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ -പുതിയ ഡാം നിർമ്മാണത്തിനെതിരായ പ്രസ്താവന</u>

8290 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നത് സംബന്ധിച്ച് കേരള നിയമസഭ ഐകകണ്ഠേന പാസ്സാക്കിയ പ്രമേയത്തിന് വിരുദ്ധമായി നിയമസഭയിലെ ഏതെങ്കിലും അംഗം പ്രതികരിക്കുകയോ, പ്രസ്താവന ഇറക്കുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതംഗമാണ് പ്രസ്താവന നടത്തിയതെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തിന്റെ പൊതുവികാരത്തിന് എതിരായുള്ള അംഗത്തിന്റെ പ്രസ്താവനയെക്കുറിച്ചുള്ള സർക്കാർ നിലപാട് വിശദമാക്കാമോ;

(ഡി) സംസ്ഥാന താത്പര്യത്തിനെതിരായ ഇത്തരം പ്രസ്താവനകൾ സുപ്രീംകോടതിയിലുള്ള കേസുകളിൽ തമിഴ്നാട് പ്രയോജനപ്പെടുത്തുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>കാവേരി നദീജലം</u>

8291 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാവേരി നദീജല ട്രിബ്യൂണൽ വിധിപ്രകാരം കേരളത്തിന് അനുവദിച്ച എത്ര ടി.എം.സി. ജലം ഇപ്പോൾ കേരളം പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) കാവേരിനദിയിൽ നിന്ന് കേരളത്തിനുള്ള ജലവിഹിതം ഉപയോഗിക്കാൻ പ്രത്യേക പ്രോജക്ട് ഡിവിഷൻ ആരംഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഈ പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ജലസ്രോതസ്സുകളുടെ ക്ലാസ്സിഫിക്കേഷൻ</u>

8292 ശ്രീ. പി.സി. ജോർജ്
,, എം.വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകൾ കാലാകാലങ്ങളിൽ പരിശോധിക്കുന്നതിനും മാലിന്യങ്ങളുടെ ഗാഢത നിരീക്ഷിക്കുന്നതിനും നിലവിൽ എന്ത് സംവിധാനമാണുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ബി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സംസ്ഥാനത്തെ ജലസ്രോതസ്സുകളെ ക്ലാസിഫൈ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇപ്രകാരം ജലസ്രോതസ്സുകൾ ക്ലാസിഫൈ ചെയ്യുന്നതിന് അവലംബിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ജലാശയങ്ങളും കുളങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതി</u>

8293 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറിയ ജലാശയങ്ങളും കുളങ്ങളും വൃത്തിയാക്കി സംരക്ഷിക്കുന്ന പദ്ധതികൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ പദ്ധതികളും നടപടിക്രമവും വിശദമാക്കാമോ ?

**കേരള നിയമസഭ**
**25.07.2012-ലെ മറുപടിക്ക്**

<u>മഴവെള്ളക്കൊയ്ത്ത്</u>

8294 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഐ. സി. ബാലകൃഷ്ണൻ
,, കെ. അച്ചുതൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കിണറുകളെ സംരക്ഷിക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി കിണറുകൾ ഉള്ള സ്ഥലങ്ങളിൽ മഴവെള്ളക്കൊയ്ത്ത് നടപ്പാക്കുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പുതിയ കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണി നിർബന്ധമാക്കുന്ന വ്യവസ്ഥ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തുന്നതിന് ശുപാർശ ചെയ്യുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>കുളം സംരക്ഷണ പദ്ധതി</u>

8295 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട കുളങ്ങളുടെ സംരക്ഷണത്തിനുമാത്രമായി ഈ സർക്കാർ പുതിയ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>ചെറുകിട ജലവിതരണ പദ്ധതികൾ</u>

8296

ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ചെറുകിട ജലവിതരണ പദ്ധതികൾ ആവിഷ്കരിക്കുമോ;

(ബി) ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തദ്ദേശീയ ജല സ്രോതസ്സുകൾക്ക് ദോഷം വരാത്തരീതിയിലുള്ള പദ്ധതികൾക്ക് മുൻഗണന നൽകുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>സംയോജിത നീർത്തട പരിപാലന പദ്ധതി</u>

8297

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ പൊതു മാർഗ്ഗരേഖകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കു വേണ്ടി എന്തു തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുടിശ്ശികയായി എത്ര രുപ കൊടുക്കാനുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>ജപ്പാൻ കുടിവെളള വിതരണ പദ്ധതി</u>

8298

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെളള വിതരണ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ജപ്പാൻ കുടിവെള്ള വിതരണ പദ്ധതിയുടെ രണ്ടാം ഘട്ടം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>തീര പ്രദേശങ്ങളിൽ കടൽവെള്ള ശുദ്ധീകരണ പ്ലാന്റ്</u>

8299 ശ്രീ. എം. എ. വാഹീദ്
,, പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീര പ്രദേശങ്ങളിൽ കടൽവെള്ള ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>കടൽത്തീരങ്ങളിൽ പുലിമുട്ട് നിർമ്മിക്കാനുള്ള പദ്ധതി</u>

8300 ശ്രീ. കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഴുവൻ കടൽത്തീരത്തും പുലിമുട്ട് നിർമ്മിക്കാൻ പദ്ധതിയിട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സഹായം ലഭിക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് സർവൈലെൻസ് പ്രോഗ്രാം</u>

8301 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഷാഫി പറമ്പിൽ
,, എം.എ. വാഹീദ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് സർവൈലെൻസ് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് ഇത് നടത്തുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് കേന്ദ്ര സഹായം ലഭ്യമാണോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>മൊബൈൽ ശുദ്ധീകരണികൾ</u>

8302 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല വിതരണത്തിനുള്ള ജലസ്രോതസ്സുകളുടെ ദൗർലഭ്യം പരിഹരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ മൊബൈൽ ശുദ്ധീകരണികൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കുഴൽ കിണറുകൾ

8303 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 2011-2012 വർഷത്തിൽ ഓരോ ജില്ലയിലും എത്ര കുഴൽ കിണറുകൾ വീതം പുതുതായി കുഴിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും തുക ചെലവഴിച്ചുവെന്ന് ജില്ല തിരിച്ച് കണക്കുകൾ വിശദമാക്കുമോ ;

(ബി) മലപ്പുറം ജില്ലയിൽ മേല്പറഞ്ഞ കാലയളവിൽ ഏതെല്ലാം പ്രൊപ്പോസലുകൾ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലേയ്ക്ക് അയച്ചുവെന്നും അതിൽ എതെല്ലാം പദ്ധതികൾക്ക് അനുമതിയായെന്നും വ്യക്തമാക്കുമോ ;

(സി) കൊണ്ടോട്ടി മണ്ഡലത്തിലെ കൊട്ടപ്പുറം എ.എം.എൽ.പി. സ്കൂളിന് സമീപം കുഴൽ കിണർ കുഴിക്കുന്നതിനുള്ള പ്രൊപ്പോസൽ 2011-2012 വർഷത്തിൽ സാങ്കേതിക അനുമതിക്കായി കത്ത് നമ്പർ ജി.എം/324/09 തീയതി 26/6/2011 പ്രകാരം ഗ്രൗണ്ട് വാട്ടർ വകുപ്പ് ഡയറക്ടർക്ക് അയച്ചതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

കേന്ദ്രീകൃത കുടിവെള്ള കണക്ഷൻ ഓഫീസ്

8304 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭാമേഖലയിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിനായി കേന്ദ്രീകൃത കണക്ഷൻ വിഭാഗം എന്ന ഒരു ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>കുടിവെള്ള പദ്ധതികള്‍ക്ക് ശുദ്ധീകരണ പ്ലാന്റ്</u>

8305 ശ്രീ. ആര്‍. സെല്‍വരാജ്
,, അന്‍വര്‍ സാദത്ത്
,, വി. റ്റി. ബല്‍റാം
,, എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്ലാ കുടിവെള്ള പദ്ധതികള്‍ക്കും ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികള്‍ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) ഇപ്പോള്‍ ഏതെല്ലാം കുടിവെള്ള പദ്ധതികള്‍ക്കാണ് ഈ സൗകര്യം ഉളളത്; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) എല്ലാ പദ്ധതികള്‍ക്കും ശുദ്ധീകരണ പ്ലാന്റുകള്‍ സ്ഥാപിക്കുവാന്‍ ഒരു കര്‍മ്മപദ്ധതി തയ്യാറാക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>കുടിവെള്ളത്തിന്റെ ഗുണനിലവാരം</u>

8306 ശ്രീ. എ.എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>കുടിവെള്ളത്തിന്റെ ഗുണനിലവാരം</u>

8307 ശ്രീ. വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള കർമ്മ പദ്ധതികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>വടകര - മാഹി കനാലിന് കേന്ദ്രസഹായം</u>

8308 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാതയുടെ ഭാഗമായ വടകര-മാഹി കനാൽ നിർമ്മാണത്തിന് ഇതുവരെ കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും ഫണ്ട് ലഭ്യമായിട്ടുണ്ടോ;

(ബി) കേന്ദ്ര സഹായം ലഭിക്കുന്നതിന് സംസ്ഥാനത്തെ എം. പി. മാർ മുഖാന്തിരം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ;

(സി) എം. പി. മാരുടെ അഭ്യർത്ഥന പ്രകാരം പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം സഹായങ്ങളാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>പമ്പാ ആക്ഷൻ പ്ലാൻ</u>

8309 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പമ്പാ ആക്ഷൻ പ്ലാൻ നടപ്പിലാക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ചെലവഴിച്ച കണക്കിന്റെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) രണ്ടാം ഘട്ട പ്രവൃത്തികളുടെ പദ്ധതി കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വിശദീകരിക്കുമോ;

(സി) രണ്ടാം ഘട്ട അനുമതിക്കായി പദ്ധതി കേന്ദ്രത്തിന് സമർപ്പിക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>പമ്പയിൽ നിന്നും സന്നിധാനത്തേയ്ക്കുള്ള പൈപ്പ് ലൈൻ</u>

8310

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പമ്പയിൽ നിന്നും സന്നിധാനത്തേയ്ക്കുള്ള സമാന്തര പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ എന്നാണ് ഭരണാനുമതി നൽകിയത്;

(ബി) ഈ പ്രവൃത്തി എന്നാണ് ടെൻഡർ ചെയ്തത്;

(സി) ടെൻഡർ നടപടികൾ വൈകിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പൈപ്പ് ലൈൻ നിർമ്മാണം പൂർത്തിയാക്കി അടുത്ത സീസണിനു മുൻപ് കമ്മീഷൻ ചെയ്യുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>ഐ.ടി.ഐ. യ്ക്കുവേണ്ടി പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം</u>

8311 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ സർക്കാർ ഐ.ടി.ഐയ്ക്ക് വേണ്ടി പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ മൂന്ന് ഏക്കർ സ്ഥലം ആവശ്യപ്പെട്ടുകൊണ്ടുള്ള എം.എൽ.എ. യുടെയും ഗ്രാമപഞ്ചായത്തിന്റെയും അപേക്ഷ പരിഗണിച്ച് ആയത് വിട്ടു നൽകുവാൻ സ്വീകരിച്ച നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) സ്ഥലം അടിയന്തിരമായി വിട്ടുനൽകുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>വെള്ളായണി കായൽ സംരക്ഷണം</u>

8312 ശ്രീ. വി.ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായൽ സംരക്ഷണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വെള്ളായണി കായൽ കയ്യേറ്റം, കഠിനംകുളം കായൽ കയ്യേറ്റം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത കരാർ പണികൾ</u>

8313 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി, നിർമ്മാണ ജോലികൾക്ക് കരാറുകാർ ക്വോട്ട് ചെയ്യുന്ന തുകയെക്കാൾ 10% അധികരിച്ച തുകയ്ക്ക് പ്രവൃത്തികൾ സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) GO(MS)No. 27/97/PW&T, TVM dated 26.2.1997, GO(MS)No. 81/97/PW&T/TVM dated 7.8.1997 എന്നിവ പ്രകാരം പൊതുമരാമത്ത് വകുപ്പിലെ കരാർ പണികൾ ക്വോട്ട് ചെയ്ത കരാർ തുകയെക്കാൾ 10% അധികം തുകയ്ക്ക് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകാമെന്നുള്ള ഉത്തരവുകൾ കേരള വാട്ടർ അതോറിറ്റിയിലും ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ അത് എന്ത് മാനദണ്ഡത്തിന്റെയും, ഉത്തരവിന്റെയും അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ;

(സി) ഏറ്റവും കുറഞ്ഞ തുക ക്വോട്ടുചെയ്ത കരാറുകാരനെക്കാൾ 10% അധിക തുക നൽകി കൺസ്ട്രക്ഷൻ കോർപ്പറേഷന് കരാർ ജോലികൾ നൽകിയ വകയിൽ വാട്ടർ അതോറിറ്റിക്ക് നാളിതുവരെ എത്ര രൂപയുടെ ബാദ്ധ്യത/നഷ്ടം വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ആയത് ഏതൊക്കെ സർക്കിളുകളിൽ എത്ര രൂപ വീതമെന്ന് പ്രത്യേകമായി അറിയിക്കുമോ ;

(ഡി) കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആനുകൂല്യം നേടിഎടുത്ത കരാർ ജോലികൾ പുനർ ലേലം നൽകി പ്രൈവറ്റ് കരാറുകാർക്ക് നൽകിയതുമൂലം നിർമ്മാണങ്ങളുടെ ഗുണനിലവാരം പാലിക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടുണ്ടോ;

(ഇ) കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരനോട് നെഗോഷ്യേറ്റ് ചെയ്യാതെ ഏതൊക്കെ കരാർ ജോലികളാണ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുള്ളതെന്ന് സർക്കിൾ തിരിച്ചുള്ള വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ് പ്രകാരമുള്ള പ്രവൃത്തികൾ</u>

8314 ശ്രീ. സി. കെ. സദാശിവൻ
,, എ. എം. ആരിഫ്
,, ആർ. രാജേഷ്
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് പ്രകാരമുള്ള ബണ്ടുകൾ, പമ്പുതറ എന്നിവയുടെ നിർമ്മാണം, വാച്ചാലുകളുടെ പുനരുദ്ധാരണം എന്നിവയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ പ്രവൃത്തിയുടെയും വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഈ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നതിന്റെ കാരണം അറിയിക്കാമോ ;

(സി) ഈ പദ്ധതിക്കായി ഇതുവരെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എന്തു തുക വീതം ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ ;

(ഡി) കേന്ദ്രഫണ്ട് ലഭ്യമാക്കാത്തതിന്റെ കാരണം എന്തെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ജോലികൾ</u>

8315 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ ജോലികളാണ് ജലവിഭവ വകുപ്പ് നടപ്പിലാക്കുന്നത്; അതിൽ എത്ര കോടി രൂപയുടെ ഏതെല്ലാം ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കുട്ടനാട് പാക്കേജിൽപ്പെടുത്തി ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് വൈക്കം നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യുന്നുണ്ടെന്നും അതിൽ എത്ര തുക ഏതൊക്കെ ജോലികളിലായി ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാക്കേജിൽപ്പെടുത്തി തണ്ണീർമുക്കം ബണ്ടിന്റെ നവീകരണത്തിന് എന്തെല്ലാം ജോലികൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പാക്കേജിൽപ്പെടുത്തി വൈക്കം നിയോജക മണ്ഡലത്തിൽ വകുപ്പ് നടത്തുന്ന ജോലികളിൽ പാടശേഖരങ്ങളുമായി ബന്ധപ്പെട്ട നിലവിലുള്ള തോടുകളുടെ ആഴവും വീതിയും കൂട്ടി ജലസമൃദ്ധി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ മേജർ, മൈനർ ഇറിഗേഷൻ പ്രവൃത്തികൾ</u>

8316 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ 2011-12, 2012-13 വർഷത്തെ മേജർ, മൈനർ ഇറിഗേഷൻ വകുപ്പുകളുടെ പ്രവൃത്തി നിർദ്ദേശങ്ങളുടേയും ഭരണാനുമതി കിട്ടിയ പ്രവൃത്തികളുടേയും തുക സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>വൈക്കത്തെ എസ്.എൽ.എസ്.സി. പദ്ധതികൾ</u>

8317 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എൽ.എസ്.സി. ക്ലിയറൻസ് ലഭിച്ച വൈക്കം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിക്കാനുളളത് എന്നുളള വിവരം ലഭ്യമാക്കാമോ ;

(ബി) 2010, 2011 വർഷങ്ങളിൽ എസ്.എൽ.എസ്.സി. ക്ലിയറൻസ് നൽകിയ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകാനുണ്ടെന്നുളള വിവരം വ്യക്തമാക്കുമോ ;

(സി) 2010, 2011 വർഷങ്ങളിൽ എസ്.എൽ.എസ്.സി. ക്ലിയറൻസ് നൽകിയ ഏതെങ്കിലും ജോലികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) വൈക്കം നിയോജക മണ്ഡലത്തിൽ നിന്ന് പദ്ധതി തയ്യാറാക്കി സമർപ്പിച്ച ഏതെങ്കിലും ജോലികൾക്ക് ഇനിയും എസ്.എൽ.എസ്.സി. ക്ലിയറൻസ് നൽകാനുണ്ടോ എന്ന് വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ ക്ലിയറൻസ് നൽകാനുളള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>

8318

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇനിയും നിർമ്മാണം ആരംഭിക്കാത്ത ഏതെല്ലാം കുടിവെള്ള പദ്ധതികളാണ് പരിഗണനയിലുള്ളതെന്നും അവ ആരംഭിക്കുന്നതിലെ കാലതാമസത്തിന് എന്താണ് കാരണമെന്നും അറിയിക്കാമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

വയനാട് ജില്ലയിൽ നബാർഡിന്റെ സഹായത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതികൾ

8319 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ താലൂക്ക് തല വിശദാംശങ്ങൾ നൽകുമോ ;

(സി) നടപ്പുവർഷം പ്രസ്തുത പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

ആറ്റിങ്ങലിലെ മേജർ/മൈനർ
ഇറിഗേഷൻ പദ്ധതികൾ

8320 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഏതെല്ലാം മൈനർ ഇറിഗേഷൻ വർക്കുകൾക്കും മേജർ ഇറിഗേഷൻ വർക്കുകൾക്കും ഈ വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്; ഭരണാനുമതിക്കായി ഏതെല്ലാം വർക്കുകൾ സമർപ്പിച്ചിട്ടുണ്ട്; ഇനംതിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

## പോത്തുണ്ടി ഡാം ജലസ്രോതസ്സാക്കി കുടിവെള്ള പദ്ധതികൾ

8321 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൻമാറ, അയിലൂർ, മേലാർകോട്, പല്ലശ്ശന, എലവഞ്ചേരി പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി പോത്തുണ്ടി ഡാം ജലസ്രോതസ്സ് ഉപയോഗപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്ക് ആവശ്യമായ അടങ്കൽ തുക എത്രയെന്നും പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

വടകരയിലെ കുടിവെള്ള പദ്ധതി

8322 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര നഗരസഭയിലെ യുഡിസ്മാറ്റ് പ്രകാരമുള്ള കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കുറ്റ്യാടി എം.എൽ.എ നൽകിയ കത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) പദ്ധതിക്കുവേണ്ടി കാവിൽ - തീക്കുനി - കുറ്റ്യാടി റോഡ് വെട്ടിപ്പൊളിച്ചത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് എന്തു തുകയാണ് വകയിരുത്തിയത്;

(സി) വകയിരുത്തിയ തുകയിൽ എന്തു തുക ചെലവഴിച്ചു;

(ഡി) പ്രസ്തുത റോഡ് പൂർണ്ണമായി അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുവാൻ വാട്ടർ അതോറിറ്റി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

നെന്മാറ കുടിവെള്ള പദ്ധതി

8323 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഏതെല്ലാം കുടിവെള്ള പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ ഭരണാനുമതി ലഭിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>കുണ്ടറ ശുദ്ധജല വിതരണ പദ്ധതി</u>

8324 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുണ്ടറ ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കാതെ കുണ്ടറയിൽ നിന്നും മാറ്റിയ സബ് ഡിവിഷൻ ഓഫീസ് പുന:സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) കുണ്ടറ ശുദ്ധജല പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) മേൽ പദ്ധതിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് ട്രാൻസ്ഫോർമർ ചാർജിംഗ് വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ഇടമലയാർ, മൂവാറ്റുപുഴ ജലസേചന പദ്ധതികൾ</u>

8325 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ, മൂവാറ്റുപുഴ ജലസേചന പദ്ധതികളുടെ ശേഷിക്കുന്ന സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടം വരെ ആയി; ഇത് എന്ന് പൂർത്തീകരിക്കാൻ സാധിക്കും; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ കനാലുകൾക്ക് ആകെ എത്ര ദൈർഘ്യം വീതം ഉണ്ടെന്ന് അറിയിക്കുമോ;

(സി) പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഭാഗങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>തിരുവല്ല നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾക്ക് ശുദ്ധജല പദ്ധതികൾ</u>

8326 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജക മണ്ഡലത്തിലെ മല്ലപ്പള്ളി, ആനിക്കാട്, പുറമറ്റം എന്നീ പഞ്ചായത്തുകൾക്ക് പൊതുവായോ പ്രത്യേകമായോ ഏതെങ്കിലും ശുദ്ധജല പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ പ്രവൃത്തികൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

കവിയൂർ - കുന്നന്താനം, കുറ്റൂർ - ചേലാമോടി പദ്ധതികൾ

8327 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കവിയൂർ-കുന്നന്താനം പദ്ധതിയും കുറ്റൂർ- ചേലാമോടി പദ്ധതിയും എന്ന് കമ്മീഷൻ ചെയ്യണം എന്നാണ് ജലവിഭവ വകുപ്പുമന്ത്രി പത്തനംതിട്ടയിൽ നടത്തിയ ജില്ലാതല അവലോകനയോഗത്തിൽ നിർദ്ദേശിച്ചിരുന്നത്;

(ബി) ഈ പദ്ധതികളിൽ ഏതെല്ലാം നിർമ്മാണ പ്രവൃത്തികളാണ് ഉള്ളത്; ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളത്;

(സി) ഇനിയും ആരംഭിക്കുവാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഈ പദ്ധതികൾ എന്ന് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>മൂവാറ്റുപുഴ മുളവൂർ കുടിവെള്ള പദ്ധതി</u>

8328 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ മുളവൂർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) അശമന്നൂർ - മേതലയിലെ ജലസംഭരണിയിലേക്ക് വെള്ളമെത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്;

(ഡി) അവ എന്ന് പൂർത്തിയാകും എന്നറിയിക്കുമോ;

(ഇ) ഇതിനകം എന്തു തുക ചെലവഴിച്ചു; ഇനി ആവശ്യമായ തുക എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

ഇടമലയാർ ഇറിഗേഷൻ പദ്ധതി

8329 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനായി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം വിശദമാക്കാമോ ;

(സി) പദ്ധതി എന്ന് ഭാഗികമായി കമ്മീഷൻ ചെയ്യാൻ സാധിക്കും; വ്യക്തമാക്കാമോ ;

(ഡി) പദ്ധതിയുടെ പൂർത്തിയായ റീച്ചുകളിൽ അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) ഇതിന് ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>

8330

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ ഇപ്പോൾ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാം;

(ബി) അവ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(സി) ആനക്കയം, പന്തല്ലൂർ കുടിവെള്ള പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>തിരുവല്ല നഗരസഭയിലെ ശുദ്ധജല പദ്ധതി</u>

8331

ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നഗരസഭയിലെ കൊമ്പാടിയിൽ യുഡിസ്മാറ്റിൽ ഉൾപ്പെടുത്തി പുതിയ ശുദ്ധജല പദ്ധതിയ്ക്ക് ശിലാസ്ഥാപനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് എന്നാണ് ഭരണാനുമതി ലഭിച്ചത്;

(സി) എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിലൂടെ നിർവ്വഹിക്കുന്നത്;

(ഡി) ഇതിൽ ഏതെല്ലാം പണികൾ ആരംഭിച്ചിട്ടുണ്ട്; ഏതെല്ലാം പണികൾ ഇനിയും തുടങ്ങാനുണ്ട്; ഇതിനുളള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കും?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>അങ്കമാലിയിലെ താബോർ കുടിവെള്ള പദ്ധതി</u>

8332 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിലെ മുക്കന്നൂർ പഞ്ചായത്തിൽ 30 വർഷങ്ങൾക്ക് മുൻപ് പ്രവർത്തനം ആരംഭിച്ച താബോർ കുടിവെള്ള പദ്ധതിയുടെ കീഴിൽ കാലപഴക്കം കൊണ്ട് തകർന്ന് കിടക്കുന്ന പൈപ്പുകൾ മാറ്റുന്നതിനായി ജല അതോറിറ്റി സമർപ്പിച്ചിട്ടുള്ള പ്രോജക്ടിന് അംഗീകാരം നൽകുന്നതിലെ കാലതാമസം വിശദമാക്കാമോ ;

(ബി) ഇത് എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതിയിൽ മോട്ടോർ വാങ്ങുന്നതിനായി അനുവദിച്ച തുക ഉപയോഗിച്ച് മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിലെ കാലതാമസം എന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>കല്ലിശ്ശേരി പദ്ധതിയിലെ പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പദ്ധതി</u>

8333 ശ്രീ. മാത്യു റ്റി തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ലിശ്ശേരി ശുദ്ധജല പദ്ധതിയിൽ കല്ലിശ്ശേരിയിൽ നിന്നും തിരുവല്ല വരെയുള്ള പൈപ്പ് ലൈൻ അടിയ്ക്കടി പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ടോ;

(സി) ഇതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(ഡി) പൈപ്പുകൾ എന്ന് മാറ്റി സ്ഥാപിക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>പഴശ്ശി പദ്ധതി കനാൽ റോഡുകളുടെ നവീകരണം</u>

8334 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴശ്ശി പദ്ധതി കനാൽ റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ഏതെല്ലാം റോഡുകളുടെ പ്രവൃത്തികൾക്കാണ് അംഗീകാരം നൽകിയത്;

(ബി) ഇതിൽ എത്ര പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്; അവ ഏതെല്ലാം;

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കാമോ;

(ഡി) കൊട്ടപ്പൊയിൽ കനാൽ റോഡ്, കൂട്ടാളി-തരിയേശി കനാൽ റോഡ് എന്നിവ നവീകരിക്കുന്നതിന് ഇതിന്റെ ഭാഗമായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>അങ്കമാലി നിയോജകമണ്ഡലത്തിലെ കനാൽ ബണ്ട്</u>

8335 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പിന് കീഴിലുള്ള കനാൽ ബണ്ട് റോഡുകൾ ഏതെല്ലാമെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ;

(ബി) ഈ റോഡുകളുടെ പുനരുദ്ധാരണപ്രവൃത്തികൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) ഈ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി തുക അനുവദിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) അനുവദിച്ച തുക സംബന്ധിച്ച ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) ജലവിഭവ വകുപ്പിന്റെ കീഴിലുണ്ടായിരുന്ന കനാൽ ബണ്ട് റോഡുകൾ പഞ്ചായത്തിന് വിട്ടുകൊടുത്തിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

പഴശ്ശി പദ്ധതിയുടെ ഭാഗമായ നീർപ്പാലങ്ങൾ

8336 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴശ്ശി പദ്ധതിയുടെ ഭാഗമായി എത്ര നീർപ്പാലങ്ങളാണ് ഉള്ളത്;

(ബി) ഇവയുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നടത്താറുണ്ടോ; എങ്കിൽ പറശ്ശിനി നീർപ്പാലം, നണിശ്ശേരി നീർപ്പാലം എന്നിവയുടെ അറ്റകുറ്റപ്പണി എന്നാണ് അവസാനമായി നടത്തിയത്;

(സി) പ്രസ്തുത നീർപ്പാലങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>മലപ്പുറത്തെ വാഴക്കാട് കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജ്</u>

8337 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വാഴക്കാട് കവണക്കല്ല് - റഗുലേറ്റർ കം ബ്രിഡ്ജിന്റെ പാർശ്വങ്ങളിൽ കരയിടിഞ്ഞ് നാശം ഉണ്ടാകുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ ;

(ബി) എങ്കിൽ പാർശ്വ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) കവണക്കല്ല് റഗുലേറ്ററിന്റെ അപ് സ്ട്രീമിൽ ഇടത് കരയിൽ പാർശ്വഭിത്തി കെട്ടുന്നതിന് ജി.ഒ.ആർ.റ്റി. നം.240/07/ഡബ്ല്യു.ആർ.ഡി തീയതി 21/2/2007 പ്രകാരം ജലവിഭവ വകുപ്പ് നൽകിയ ഭരണാനുമതി ഉത്തരവിൻമേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇവയുടെ പ്രവൃത്തിക്ക് തുക അനുവദിക്കുന്നതിന് ഉണ്ടായ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ;

(ഡി) റഗുലേറ്റർ കം ബ്രിഡ്ജിന്റെ ഇരുപാർശ്വങ്ങളിലും കര സംരക്ഷിക്കുന്നതിനും ഭരണാനുമതി ലഭിച്ച പ്രവൃത്തിക്ക് തുക വകയിരുത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ പാടിയ പുഴയ്ക്ക് ക്രോസ് ബാർ -കം- ബ്രിഡ്ജ് നിർമ്മാണം</u>

8338 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ പാടിയ പുഴയ്ക്ക് കുറുകെ ക്രോസ് ബാർ -കം- ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഈ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

നേമത്തെ വാട്ടർ അതോറിറ്റി ഓഫീസുകൾ

8339 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന വാട്ടർ അതോറിറ്റി ഓഫീസുകളുടേയും അവിടങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടേയും വിശദാംശങ്ങൾ ടെലിഫോൺ നമ്പർ, മൊബൈൽ ഫോൺ നമ്പറുകൾ സഹിതം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ജലസേചന വകുപ്പിലെ താൽക്കാലിക ജീവനക്കാർ</u>

8340 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ അഞ്ഞൂറ് ദിവസം ജോലി നോക്കിയിരുന്ന എച്ച്.ആർ., എസ്.എൽ.ആർ., സി.എൽ.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് മുൻസർക്കാരിന്റെ കാലത്തുണ്ടായിരുന്ന തീരുമാനം നടപ്പിലാക്കാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ, ഇവരെ സ്ഥിരപ്പെടുത്തുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ?